പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 18

18.03.2013 ന് മറുപടിയ്ക്ക്

## സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ പാലിക്കപ്പെടേണ്ട വ്യവസ്ഥകൾ

**ചോദ്യം**

ശ്രീ. പി. റ്റി. എ. റഹീം
„ എം. ചന്ദ്രൻ
„ എം. ഹംസ
„ ബി. ഡി. ദേവസ്സി

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

എ) യാതൊരു സുരക്ഷാ ക്രമീകരണങ്ങളുമില്ലാതെ സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്തു വരുന്നതും ഇതുമൂലമുള്ള അപകടമരണങ്ങൾ വർദ്ധിച്ചുവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എ) ഉണ്ട്.

ബി) സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ പാലിക്കപ്പെടേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ്; ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന അത്തരം കേന്ദ്രങ്ങളിൽ അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

ബി) സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്നതിനും, കൈകാര്യം ചെയ്യുന്നതിനും ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. ലൈസൻസ് എടുത്തിട്ടുള്ളവർ അവർക്ക് ലൈസൻസ് പ്രകാരം അനുവദിച്ചിട്ടുള്ള അളവിൽ മാത്രമേ സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുവാൻ പാടുള്ളൂ. ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്ന സ്ഥലത്തിന് 100 മീറ്റർ ചുറ്റളവിൽ വീടുകളോ മറ്റ്

സ്ഥാപനങ്ങളോ ഉണ്ടാകാൻ പാടില്ലാത്തതും ജലത്തിന്റെ ലഭ്യതയും വാഹനങ്ങൾക്ക് സ്ഥലത്തെത്തുന്നതിനുള്ള സൗകര്യവും ഉറപ്പാക്കേണ്ടതുമാണ്.

ഇത്തരം ഇടങ്ങളിൽ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി കാലാകാലങ്ങളിൽ ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്ന ഇടങ്ങളിൽ പരിശോധന നടത്തുന്നതിനും അനുവദനീയമായ സ്ഫോടക വസ്തുക്കളുടെ അളവ് ഉറപ്പ് വരുത്തുന്നതിനും സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിനുമായി സംസ്ഥാന പോലീസ് മേധാവി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ജില്ലാ പോലീസ് മേധാവിമാർ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ അവരവരുടെ അധികാര പരിധിയിൽവരുന്ന ഇത്തരം സ്ഥലങ്ങളിൽ ആകസ്മികമായ പരിശോധന ഉൾപ്പെടെയുള്ളവ നടത്തുകയും ലൈസൻസ്, സ്ഫോടന വസ്തുക്കളുടെ അളവ്, ജോലിക്കാരുടെ എണ്ണം, സുരക്ഷാ സംവിധാനം, ചുറ്റുപാടുകളുടെ നിരീക്ഷണം എന്നിവ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകി അപകട സാധ്യതയില്ലായെന്ന് ഉറപ്പു

| | | | |
|---|---|---|---|
| | | | വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ നിലവിലുള്ള പരിശോധനകൾ കൂടുതൽ ശക്തമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) | എക്സ്പ്ലോസീവ് ലൈസൻസോടു കൂടി സംസ്ഥാനത്ത് എത്ര പടക്ക നിർമ്മാണശാലകൾ പ്രവർത്തിച്ചുവരുന്നു ; | സി.) | 129 എണ്ണം |
| ഡി) | മറ്റേതെല്ലാം നിലയിലുള്ള സ്ഥാപനങ്ങൾക്ക് എക്സ്പ്ലോസീവ് ലൈസൻസ് നല്കിവരുന്നുണ്ട് ; വിശദമാക്കുമോ? | ഡി) | പ്രെട്രോളിയം ഉൽപന്നങ്ങളുടെ വിൽപന നടത്തുന്നവ, ക്വാറികൾ, പടക്കശാലകൾ, ആർമറി ഷോപ്പ്, വ്യാവസായിക സ്ഥാപനങ്ങൾ. |

സെക്ഷൻ ഓഫീസർ